**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4287** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള പദ്ധതിയിൽ ഓഫർ ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (എ) | അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെപ്പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി സംസ്ഥാന സർക്കാർ ആഗോള നിക്ഷേപ സംഗമം ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തുകയുണ്ടായി.<br><br>കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോക ശ്രദ്ധയിലേയ്ക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.<br><br>ആഗോള നിക്ഷേപ സംഗമം വഴി നിലവിൽ 419-ൽ അധികം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടിയിലധികം രൂപയുടെ നിക്ഷേപതാൽപര്യങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, 26 രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/സ്റ്റാർട്ടപ്പുകൾ/ ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, കൺട്രി |

സെഷനുകൾ, ബി2ബി മീറ്റിംഗുകൾ എന്നിവയും ഉച്ചകോടിയുടെ പ്രത്യേകതകളായിരുന്നു. ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും നിലവിൽ സർക്കാർ വിലയിരുത്തികൊണ്ടിരിക്കുകയും ഇവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ഒരു റോഡ്മാപ്പ് രൂപീകരിച്ചിട്ടുണ്ട്. ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കും.

വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രോജക്ടുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ പരിശോധന നടത്തും. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കും. ഇവയെ ഏഴ് മേഖലകളാക്കി തിരിക്കും. ഏഴ് മേഖലകളിൽ മാനേജർമാർക്ക് കീഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 7 ഗ്രൂപ്പുകൾ രൂപീകരിക്കും. ഏഴ് ഗ്രൂപ്പിനും ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ മേഖല തിരിച്ച് 12 വിദഗ്ധരെയും നിയമിക്കും. ഇതിന് പ്രത്യേകം ഡാഷ്ബോർഡ് ഉണ്ടായിരിക്കും. ഇതിൽ സാധ്യമായ എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്കും ലഭ്യമാക്കും.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭിച്ചിട്ടുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി ഉണ്ടാകും. അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും വേഗത്തിൽ ഏകോപനം നടത്തുന്നത്. സമ്മിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. സമ്മിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്ത് വ്യവസായിക ആവശ്യങ്ങൾക്ക് നൽകാൻ കഴിയുന്ന ഭൂമി ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത്തരം ഭൂമിയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാകും. ഭൂമി ആവശ്യമായ വ്യവസായികൾ ആപ്പ് വഴി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സർക്കാർ എസ്റ്റേറ്റുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാക്കും. ഒപ്പം പ്രൈവറ്റ് ഇൻസ്ട്രിയൽ പാർക്കുകളുടെയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെയും ഭൂമി ലഭ്യതയും ഈ ആപ്പിൽ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കും. നിയമപരമായി നടത്താൻ സാധിക്കുന്ന എല്ലാ താൽപര്യപത്രങ്ങളും എത്രയും പെട്ടെന്ന് തന്നെ പ്രായോഗികമാക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രണ്ടാഴ്ച കൂടുമ്പോൾ വിലയിരുത്തുന്നത് കൂടാതെ ബഹു. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിലും എല്ലാമാസവും പുരോഗതി വിലയിരുത്തും.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുമെന്നും ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപെടുമെന്നും കരുതുന്നു. |

സെക്ഷൻ ഓഫീസർ